

# പുതുതലമുറയ്ക്ക് ജനാധിപത്യ ബോധമേകി 'ബാല പാർലമെന്റ്'




**എസ്. ഹരികിഷോർ ഐ എ എസ്**
**എക്സിക്യൂട്ടീവ് ഡയറക്ടർ**
**കുടുംബശ്രീ**


അഞ്ച് വയസ്സ് മുതൽ 18 വയസ്സ് വരെ പ്രായമുള്ള 15 മുതൽ 30 വരെ കുട്ടികൾ ഉൾപ്പെടുന്ന ബാലസഭകളെക്കുറിച്ച് Making an Impact 20ലും ബാലസഭകളുടെ നേതൃത്വത്തിൽ നടത്തിയ നാടറിയാൻ ക്യാമ്പെയ്നെക്കുറിച്ച് Making an impact 174 ലും വ്യക്തമാക്കിയിരുന്നുവല്ലോ. ബാലസഭകളുടെ നേതൃത്വത്തിൽ നടത്തുന്ന മറ്റൊരു വേറിട്ട പ്രവർത്തനമാണ് ബാല പാർലമെന്റ്. കുട്ടികളിൽ നേതൃത്വശേഷിയും അവകാശാധിഷ്ഠിത പ്രവർത്തനങ്ങളിലൂടെ ജനാധിപത്യ ബോധം വളർത്തിയെടുക്കുകയെന്നതും ബാലസഭയുടെ ലക്ഷ്യങ്ങളിൽ പ്രധാനപ്പെട്ട ഒന്നാണ്.

ഇതിനായി ഞങ്ങൾ നടത്തിവരുന്ന പ്രവർത്തനമാണ് ബാല പാർലമെന്റ്.

ജനാധിപത്യ സംസ്ക്കാര രൂപീകരണം തലമുറയിലേക്ക് സന്നിവേശിപ്പിക്കുന്നതിനുള്ള ഒരു ഉപാധിയായാണ് ബാല പാർലമെന്റ് വർത്തിക്കുന്നത്. ബാലസഭകളിലെ അംഗങ്ങളായ കുട്ടികളിൽ നിന്ന് തെരഞ്ഞെടുക്കപ്പെടുന്നവർ ചേരുന്ന ബാല പഞ്ചായത്തുകൾ തദ്ദേശ സ്ഥാപനതലത്തിലും ഓരോ ജില്ലയിലെയും ബാല പഞ്ചായത്തുകളിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട ഒരംഗം വീതം ഉൾപ്പെടുന്ന ജില്ലാ പാർലമെന്റുകൾ ജില്ലാതലത്തിലും നടത്തുന്നു. ഓരോ ജില്ലാ പാർലമെന്റുകളിൽ നിന്നും തെരഞ്ഞെടുക്കുന്ന പത്ത് വീതം കുട്ടികൾ (5 വീതം ആൺകുട്ടികളും പെൺകുട്ടികളും) ആണ് സംസ്ഥാനതല ബാല പാർലമെന്റിൽ പങ്കെടുക്കുന്നത്. വ്യത്യസ്ത സാഹചര്യങ്ങളിൽ നിന്നുള്ള കുട്ടികളുടെ അവകാശങ്ങളും അവർ നേരിടുന്ന വെല്ലുവിളികളും ഈ സംവിധാനങ്ങൾ മുഖേന ചർച്ച ചെയ്യുകയും രേഖകൾ തയാറാക്കുകയും ചെയ്തുവരുന്നു

ജില്ലകളിൽ ഒരു ദിവസവും സംസ്ഥാനതലത്തിൽ രണ്ട് ദിവസങ്ങളിലുമായാണ് ബാല പാർലമെന്റുകൾ നടത്തുന്നത്. പഴയ നിയമസഭാ മന്ദിരത്തിലാണ് എല്ലാവർഷവും സംസ്ഥാനതല ബാല പാർലമെന്റ് സംഘടിപ്പിക്കുന്നത്. ആദിവാസി- തീരദേശ മേഖലകളിലെ കുട്ടികളുടെ പങ്കാളിത്തം ഉറപ്പുവരുത്തിയാണ് സംസ്ഥാനതല ബാല പാർലമെന്റിലേക്ക് കുട്ടികളുടെ തെരഞ്ഞെടുപ്പ് നടത്തുന്നത്. പങ്കെടുക്കുന്ന 140 കുട്ടികളിൽ നിന്നും പ്രസിഡന്റ്, പ്രധാനമന്ത്രി, പത്ത് മന്ത്രിമാർ, പ്രതിപക്ഷ നേതാവ്, സ്പീക്കർ, ഡെപ്യൂട്ടി സ്പീക്കർ, സെക്രട്ടറി ജനറൽ,



സെക്രട്ടറി, ഗാർഡ് എന്നിവരെ തെരഞ്ഞെടുക്കും. ശേഷിക്കുന്ന കുട്ടികളെ ഭരണ- പ്രതിപക്ഷ അംഗങ്ങളായി തിരിക്കുകയും ചെയ്യുന്നു.

പത്ത് വിഷയങ്ങൾ കേന്ദ്രീകരിച്ചാണ് മന്ത്രിമാരെ തെരഞ്ഞെടുക്കുന്നതും ചർച്ചകൾ നടത്തുന്നതും. കുട്ടികൾക്ക് ബാലപാർലമെന്റിലൂടെ ജനാധിപത്യ പ്രക്രിയയെപ്പറ്റി നേരിട്ടറിയുന്നതിനും അവബോധം സൃഷ്ടിക്കുന്നതിനും സാധിക്കുന്നു. കുട്ടികളുടെ അവകാശങ്ങൾ, അവർ നേരിടുന്ന വിവിധ പ്രശ്നങ്ങൾ, പ്രാദേശിക വികസനത്തിൽ കുട്ടികളുമായി ബന്ധപ്പെട്ട കാര്യങ്ങൾ എന്നിവയെല്ലാം ചർച്ചാവിഷയങ്ങളാണ്. ബാല പാർലമെന്റ് നടപടിക്രമങ്ങൾക്ക് ശേഷം ബാല പാർലമെന്റ് അംഗങ്ങൾക്ക് പുതിയ നിയമസഭാ മന്ദിരവും നിയമസഭാ മ്യൂസിയവും സന്ദർശിക്കുന്നതിനുള്ള അവസരവും ഞങ്ങൾ ഒരുക്കി നൽകുന്നു. ബാല പാർലമെന്റുകൾ മുഖേന വരുംതലമുറയെ ജനാധിപത്യ ബോധത്തിലേക്ക് നയിക്കുകയെന്ന ഞങ്ങളുടെ ലക്ഷ്യം പൂർത്തീകരിച്ചുവരികയാണെന്ന് അഭിമാനത്തോടെ പറയട്ടെ.